## 640

*'What a friend we have in Jesus'*

1 എത്ര നല്ല സഖി യേശു പാപഭാരം ചുമപ്പാൻ
പ്രാർത്ഥനയിൽ കർത്തൻ മുമ്പിൽ എല്ലാം സമർപ്പിച്ചിടാം
എത്ര സമാധാന നഷ്ടം എത്ര ദുഃഖം സഹിപ്പൂ
ദൈവമുമ്പിൽ പ്രാർത്ഥനയിൽ അടുത്തു വരായ്കയാൽ-

2 പരിശോധന കഷ്ടങ്ങൾ പ്രശ്നങ്ങൾ നമുക്കുണ്ടോ?
കർത്തൻ സന്നിധിയിൽ ചെല്ലൂ അധൈര്യപ്പെടാതെ നാം
എല്ലാ ദുഃഖങ്ങളും വഹിപ്പാൻ ഇല്ല വേറെ സ്നേഹിതൻ
ചെല്ലൂ കർത്തൻ സന്നിധിയിൽ വല്ലഭൻ സഹായിക്കും-

3 ഭാരമേറ്റും അദ്ധ്വാനിച്ചും ക്ഷീണിതനാണെങ്കിൽ നീ
യേശു നൽകും ആശ്വാസം തൻസന്നിധി താനഭയം
സ്നേഹിതർ കൈവിട്ടാലുറ്റ സ്നേഹിതനാം ക്രിസ്തു താൻ
സ്നേഹകരങ്ങളിൽ കാക്കും സുസ്ഥിരമാം വിശ്രാമം-

**I.D.**